കശുവണ്ടി വികസന കോർപ്പറേഷന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ

3 (*573) ശ്രീ. എ. എം. യൂസഫ് :
ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കശുവണ്ടിയുടെ പ്രോസ്സസിംഗ് രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുമോ ;

(സി) കശുവണ്ടിയിൽനിന്നും എന്തെല്ലാം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിച്ച് വിപണിയിൽ ഇറക്കിയിട്ടുള്ളത് ;

(ഡി) കാപ്പക്സിന്റെ കീഴിലുള്ള ഫാക്ടറികളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) കശുവണ്ടി ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(എഫ്) കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): സർ,

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു,

(1) തൊഴിലാളികൾക്ക് 2009-10 സാമ്പത്തിക വർഷം 284 ദിവസത്തെ ജോലി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിലാളികൾക്ക് തുടർന്നും തുടർച്ചയായി ജോലി നൽകി വരികയാണ്.

(2) ഫാക്ടറികളുടെ നവീകരണത്തിനും, വികസന പ്രവർത്തനങ്ങൾക്കുമായി 2007-08, 2008-09 വർഷങ്ങളിലായി ആകെ 18.47 കോടി രൂപ അനുവദിച്ചു.

(3) 2008-09 സാമ്പത്തിക വർഷം നബാർഡിൽനിന്നും 26 ലക്ഷം രൂപ ഫാക്ടറികളിൽ ഗോഡൗൺ നിർമ്മിക്കുന്നതിനായി അനുവദിച്ചു.

(4) 2009-10 സാമ്പത്തിക വർഷം ഫാക്ടറികളുടെ നവീകരണം, കശുവണ്ടിപ്പരിപ്പിന്റെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, നവീന പായ്ക്കിംഗ് സിസ്റ്റം എന്നിവയ്ക്കായി 24 കോടി രൂപ അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(5) 2010-11 സാമ്പത്തിക വർഷം കോർപ്പറേഷന്റെ റിജുവിനേഷനു വേണ്ടി (Cashew procurement centre) 15 കോടി രൂപ അനുവദിച്ചു.

(6) കശുവണ്ടി വികസന കോർപ്പറേഷന്റെ പുനരുദ്ധാരണത്തിനും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള മറ്റ് നടപടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

(i) നിലവിലുണ്ടായിരുന്ന തട്ട് ബോർമകൾക്ക് പകരമായി ഇലക്ട്രിക് ബോർമ, റോട്ട് എയർബോർമ എന്നിവ ഫാക്ടറികളിൽ സജ്ജമാക്കിവരുന്നു.

(ii) നിലവിലുണ്ടായിരുന്ന ടിൻ ഫില്ലിംഗിന് പകരമായി കോർപ്പറേഷന്റെ ഫില്ലിംഗ് സെന്ററുകളിൽ 'ഫ്ളെക്സി പാക്കിംഗ് സിസ്റ്റം' നടപ്പിലാക്കിയിട്ടുള്ളതാണ്. വിദേശ വിപണിയിൽ 'ഫ്ലെക്സി പാക്കിംഗ്' പരിപ്പിനാണ് മാർക്കറ്റുള്ളത്.

(iii) CFTRI യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽനിന്നും കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂമിൽക്ക്, കാഷ്യൂബിസ്കറ്റ് എന്നീ 4 മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുണ്ട്.

(iv) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉൽപ്പന്നങ്ങളുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ഫാക്ടറികൾ ഫുൾ കപ്പാസിറ്റിയിൽ പ്രവർത്തിക്കുന്നതിനുമായി 7500-ഓളം തൊഴിലാളികളെ പുതിയതായി നിയമിച്ചിട്ടുണ്ട്.

(v) ഉൽപ്പാദനക്ഷമതയും, ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് പുതിയ സാങ്കേതികവിദ്യ സായത്തമാക്കുന്നതിലേക്ക് കോർപ്പറേഷനിലെ പ്രോസസ്സിംഗ് ജീവനക്കാർക്ക് പ്രത്യേകതരം പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(vi) കശുമാവ് കൃഷി വികസിപ്പിച്ച് തോട്ടണ്ടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേക്ക് കശുവണ്ടി വികസന കോർപ്പറേഷൻ അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കോർപ്പറേഷന്റെ നേഴ്സറികളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തിവരികയാണ്.

(vii) കശുമാങ്ങയിൽനിന്നും ബയോഡീസൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഗവേഷണവും കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിവരികയാണ്.

(viii) ആധുനികവൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷനിൽ ഒരു റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ix) കശുവണ്ടി വികസന കോർപ്പറേഷൻ എസ്.ടി.സി., ഐ.ഐ.എഫ്.ടി. എന്നിവയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(x) കോർപ്പറേഷന്റെ ഫാക്ടറികൾ അന്താരാഷ്ട്ര നിലവാരത്തിൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ട് ഫാക്ടറികൾ ഐ.എസ്.ഒ. നിലവാരത്തിലുള്ളതായി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കശുവണ്ടി വികസന കോർപ്പറേഷനിൽ കശുവണ്ടിയുടെ പ്രോസസ്സിംഗ് രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി കശുവണ്ടി കരിച്ച് വറുത്ത് തല്ലിയെടുക്കുന്ന പരമ്പരാഗത ശൈലിയോടൊപ്പം തോട്ടണ്ടി ആവിയിൽ പുഴുങ്ങി കട്ടിംഗ് മെഷീനുകൾ ഉപയോഗിച്ച് കട്ട് ചെയ്ത് എടുക്കുന്നതിനുള്ള നടപടികളും ഫാക്ടറികളിൽ സ്വീകരിച്ചുവരികയാണ്.

കാപ്പെക്സിന്റെ നവീന പായ്ക്കിംഗ് സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന ആധുനിക രീതിയിലുള്ള ഫ്ളക്സി പായ്ക്കിംഗ് മെഷീൻ ഉപയോഗിച്ചാണ് കയറ്റുമതി വിപണിക്കുള്ള പരിപ്പ് പ്രോസസ്സ് ചെയ്യുന്നത്. നൂതനമായ സാങ്കേതിക വിദ്യയുടെ ഉപയോഗംമൂലം വളരെ കർക്കശമായ ശുചിത്വവും, ഉല്പാദനക്ഷമതയും വർദ്ധിച്ചുവരുന്നു. കൂടാതെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തുവാനായി ഒരു അത്യാധുനിക റോസ്റ്റിംഗ് സാൾട്ടിംഗ് മെഷീനും പായ്ക്കിംഗ് സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) കശുവണ്ടി പരിപ്പിൽനിന്നും കാഷ്യു സൂപ്പ്, കാഷ്യു പൗഡർ, കാഷ്യുവിറ്റ, കാഷ്യു ബിറ്റ്സ് എന്നീ 4 മൂല്യ വർദ്ധിത ഉല്പന്നങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുണ്ട്. കാപ്പെക്സ് റോസ്റ്റഡ്, സാൾട്ടഡ് പരിപ്പുകൾ കൂടാതെ pepper coated, chilly coated പരിപ്പുകളും വിവിധ ഗ്രേഡുകളായി തരംതിരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണിയിൽ ഇറക്കിയിട്ടുണ്ട്. ഇതിനകം 2500 തൊഴിലാളികളെ കാപ്പെക്സിൽ പുതുതായി നിയമിച്ചിട്ടുണ്ട്.

(ഡി) കാപ്പെക്സിന്റെ ചെങ്ങമനാട്, ഇരവിപുരം, എരുവ, പത്തിയൂർ, കിളിക്കൊല്ലൂർ, പാത്തിനാംകുളം എന്നീ ഫാക്ടറികൾ പൂർണ്ണമായും പുനർ നിർമ്മിക്കുകയും മറ്റുള്ള നാല് ഫാക്ടറികളുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. ഉയരവും വായുസഞ്ചാരമുള്ള ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ, വറുപ്പുപുര, ബോർമ്മപുര, തോടുപുര, തൊട്ടിപ്പുര, വിശ്രമമുറികൾ, തോട്ടണ്ടി ഉണക്കാനുള്ള യാർഡുകൾ, ചിമ്മിനികൾ, വൃത്തിയുള്ള ബാത്ത്റൂം, തോട്ടണ്ടി സംഭരിക്കാനുള്ള ഗോഡൗണുകൾ, പുതിയ വറുപ്പു മെഷീനുകൾ, പത്ത് ഫാക്ടറികളിലായി 14 ഇലക്ട്രിക് ബോർമകൾ, ശുദ്ധജലം ലഭ്യമാകത്തക്കവിധമുള്ള സംവിധാനങ്ങൾ, ആധുനിക ഫ്ളക്സി പാക്കിംഗ് മെഷീനുകൾ, റോസ്റ്റഡ് ആന്റ് സാൾട്ടിംഗ്

LIBRARY ARCHIVES Kerala Legislative Assembly

മെഷീനോടുകൂടിയ ഹ്ളക്സി പാക്കിംഗ് സെന്ററുകൾ, ഹെഡ് ഓഫീസും, പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണത്തോടുകൂടിയ ഓഫീസും നിർമ്മിച്ചു. 2500-ഓളം പുതിയ തൊഴിലാളികളെ നിയമിച്ച് പാരിറ്റി ക്ലിയർ ചെയ്തു. പ്രതിദിന ഉല്പാദനശേഷി 35 മെട്രിക് ടണ്ണിൽനിന്നും 54 മെട്രിക് ടണ്ണായി ഉയർത്തുകയും പ്രൊഡക്ഷൻ കപ്പാസിറ്റി 45% ആയി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

(ഇ) കശുവണ്ടി ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് പുതിയ സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിന് കോർപ്പറേഷനിലെ പ്രോസസിംഗ് തൊഴിലാളികൾക്ക് വിവിധതരം പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന ടിൻ ഫില്ലിംഗ് സെന്ററുകളിൽ 'ഹ്ളെക്സി പാക്കിംഗ് സിസ്റ്റം' നടപ്പിലാക്കിയിട്ടുള്ളതാണ്. വിദേശ വിപണിയിൽ 'ഹ്ളക്സി പാക്കിംഗ്' പരിപ്പിനാണ് മാർക്കറ്റുള്ളത്. സി.എഫ്. ടി.ആർ.ഐ.-യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽനിന്നും കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂവിറ്റ, കാഷ്യൂബിറ്റ്സ് എന്നീ 4 മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുണ്ട്. റഷ്യ, ചൈന എന്നീ രാജ്യങ്ങളിലേക്കും അവരുടെ അഭിരുചിക്കനുസരിച്ച് കശുവണ്ടി പരിപ്പും മൂല്യ വർദ്ധിത ഉല്പന്നങ്ങളും കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കാപ്പെക്സിൽ ആധുനിക രീതിയിലുള്ള ഹ്ളക്സി പായ്ക്കിംഗ് മെഷീൻ ഉപയോഗിച്ചാണ് കയറ്റുമതി വിപണിക്കായുള്ള പരിപ്പ് പ്രോസസ്സ് ചെയ്യുന്നത്. നൂതന സാങ്കേതിക വിദ്യയുടെ ഉപയോഗംമൂലം വളരെ കർക്കശമായ ശുചിത്വവും, ഉല്പാദന ക്ഷമതയും ലഭിച്ചുവരുന്നു. കൂടാതെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തുവാനായി ഒരു അത്യന്താധുനിക റോസ്റ്റിംഗ് സാൾട്ടിംഗ് മെഷ്യനും പായ്ക്കിംഗ് സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി 2008-2009-ൽ 16 കണ്ടയിനർ പരിപ്പും 2009-10-ൽ 34 മെട്രിക് ടൺ പരിപ്പ് വിദേശ വിപണിയിലേക്ക് അയയ്ക്കുവാനും സാധിച്ചു.

(എഫ്) കശുവണ്ടി വികസന കോർപ്പറേഷൻ കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിലേക്ക് നടപടി സ്വീകരിച്ചിട്ടുള്ളതും ഇതിലേക്ക് സംസ്ഥാനത്ത് ഫ്രാഞ്ചൈസികളും ഔട്ട്ലെറ്റുകളും സ്ഥാപിച്ചിട്ടുള്ളതും ജില്ലാടിസ്ഥാനത്തിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിച്ചിട്ടുള്ളതുമാണ്. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയുടെ ഔട്ട് ലെറ്റുകൾ വഴിയും കെ.ടി.ഡി.സി.-യുടെ തെരഞ്ഞെടുത്ത പാർലറുകൾ മുഖാന്തിരവും, റിലയൻസ്, ഹിന്ദുസ്ഥാൻ പെട്രോളിയത്തിന്റെ തെരഞ്ഞെടുത്ത പമ്പുകൾ തുടങ്ങിയവയിലൂടെ സംസ്ഥാനത്തിന് അകത്തും പുറത്തും ആഭ്യന്തര വിപണി മെച്ചപ്പെടുത്തി ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് കാപ്പെക്സ് റോസ്റ്റഡ്, സാൾട്ടഡ് പരിപ്പുകൾ കൂടാതെ കൂടാതെ pepper coated, chilly coated പരിപ്പുകളും വിവിധ ഗ്രേഡുകളായി തരംതിരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണിയിൽ Franchisee (dealership) വഴി കേരളത്തിൽ അങ്ങോളമിങ്ങോളം വില്പന നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എം. യൂസഫ് : സർ, തോട്ടണ്ടിയുടെ ദൗർലഭ്യമാണ് വ്യവസായം നേരിടുന്ന മുഖ്യ പ്രശ്നം. തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. പി. കെ. ഗുരുദാസൻ : തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്നുള്ളത് കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്ത് കേരളാ സ്റ്റേറ്റ് ഏജൻസി ഫോർ കാഷ്യൂ കൾട്ടിവേഷൻ എന്ന ഒരു പുതിയ സ്ഥാപനം രൂപീകരിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി അത്യുല്പാദനശേഷിയുള്ള ഗ്രാഫ്ട് തൈകൾ നേഴ്സറികൾ വഴി ഉണ്ടാക്കി, അത് കൃഷിക്കാർക്കും കശുവണ്ടി തൊഴിലാളികൾക്കും മറ്റ് വിഭാഗം തൊഴിലാളികൾക്ക്, ഗവൺമെന്റ് സ്ഥാപനങ്ങളിലുമെല്ലാം കൃഷി ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 9725 ഏക്കർ ഭൂമിയിൽ കൃഷി ചെയ്തു. ഈ വർഷം ജൈവ രീതിയിലുള്ള കൃഷി അയ്യായിരം ഏക്കറിലും അതിനു പുറമേ പതിനായിരം ഏക്കർ സ്ഥലത്തും കൃഷി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നാല് വർഷംകൊണ്ട് 57.83 കോടി രൂപ കോർട്ടികൾച്ചർ മിഷൻ വഴി കശുമാവ് കൃഷിക്കുവേണ്ടി ചെലവഴിക്കുന്നതിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന് ഇപ്രകാരം സാമ്പത്തിക സഹായം ഒരു മാച്ചിംഗ് ഫണ്ടായി നൽകിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, കേരളത്തിൽ മുന്തിയ ഇനം കശുവണ്ടി ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന ജില്ലയാണ് കാസർകോട് ജില്ല. എന്നാൽ കാസർകോട് ജില്ലയിൽ ഗവൺമെന്റിന്റേയോ കശുവണ്ടി വികസന കോർപ്പറേഷന്റേയോ കശുവണ്ടി വ്യവസായ സ്ഥാപനങ്ങൾ ഇതു വരെ ആരംഭിച്ചിട്ടില്ല. ഒന്നു രണ്ട് സ്വകാര്യ സ്ഥാപനങ്ങൾ മാത്രമാണ് ഇപ്പോൾ അവിടെയുള്ളത്. അതുകൊണ്ട് കാസർകോട് ജില്ലയിൽ കശുവണ്ടി അധിഷ്ഠിതമായ വ്യവസായ സ്ഥാപനം കശുവണ്ടി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. ഗുരുദാസൻ : കശുവണ്ടി വികസന കോർപ്പറേഷൻ വലിയ പ്രതിസന്ധികൾ നേരിടുന്ന ഒരു സ്ഥാപനമാണ്. കഴിഞ്ഞ പല ഘട്ടങ്ങളിലായി അതിന് ഭീമമായ നഷ്ടമുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത് സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനുള്ള പരിശ്രമം നടത്തുകയാണ്. 30 കശുവണ്ടി ഫാക്ടറികളുണ്ട്. 30 ഫാക്ടറികളും സ്വയം പര്യാപ്തതയിൽ എത്തിക്കുകയും കാപ്പെക്സിന്റെ പത്ത് ഫാക്ടറികളും സ്വയം പര്യാപ്തതയിൽ എത്തിക്കുകയും ചെയ്തതിനു ശേഷം മാത്രമേ പുതിയ ഫാക്ടറികൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ കഴിയൂ. കാസർകോട് ജില്ലയിൽ സ്വകാര്യ മേഖലയിൽ കശുവണ്ടി ഫാക്ടറികൾ ആരംഭിക്കുന്നതിന് സ്വകാര്യ വ്യക്തികൾ അപേക്ഷ നൽകുകയാണെങ്കിൽ അതിന് അനുമതി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. സദാശിവൻ : സർ, കശുവണ്ടി മേഖലയിൽ യു.ഡി.എഫ്-അധികാരത്തിലിരുന്ന ഘട്ടത്തിൽ എത്ര തൊഴിൽ ദിനങ്ങളാണ് തൊഴിലാളികൾക്ക് നൽകുവാൻ കഴിഞ്ഞത് ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് നാലുവർഷമായി. ഈ നാല് വർഷത്തിനുള്ളിൽ തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ?

ശ്രീ. പി. കെ. ഗുരുദാസൻ : കശുവണ്ടി വികസന കോർപ്പറേഷനിൽ 2001-06 യു.ഡി.എഫ്-അധികാരത്തിലിരുന്നപ്പോൾ 291 ദിവസവും ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ നാലര വർഷത്തിനകം 871 ദിവസവും തൊഴിലുകൾ കൊടുത്തിട്ടുണ്ട്. കാപ്പെക്സിൽ 2001 മുതൽ 2006 വരെ 392 ദിവസമാണ് ജോലി കൊടുത്തതെങ്കിൽ ഈ കഴിഞ്ഞ നാലര വർഷക്കാലം 827 ദിവസം തൊഴിൽ കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, നമുക്ക് നാടിന് വിദേശ നാണ്യം നേടിത്തരുന്ന ഒരു പ്രധാന ഉല്പന്നമാണ് കശുവണ്ടി. കശുവണ്ടി ഉല്പാദിപ്പിക്കുന്ന കശുമാവ് നമ്മുടെ നാട്ടിൽനിന്നും ഓരോ ദിവസവും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അത് സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി വേണം. എന്റെ ചോദ്യം, കശുവണ്ടി ഉല്പന്നങ്ങളുടെ വൈവിധ്യ വത്കരണത്തിനാവശ്യമായ ഗവേഷണം എന്തെങ്കിലും നടക്കുന്നുണ്ടോ ; അതു പോലെ കശുമാങ്ങയിൽനിന്ന് ബയോ ഡീസൽ ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ ഗവേഷണം എത്രത്തോളം എത്തി ?

ശ്രീ. പി. കെ. ഗുരുദാസൻ : കേരളത്തിൽ ഏറ്റവുമധികം തോട്ടണ്ടി ഉല്പാദിപ്പിക്കുന്ന ജില്ലയാണ് കാസർകോട്. അവിടെ തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ എല്ലാ സഹായവും സംസ്ഥാന ഗവൺമെന്റ് ചെയ്തുവരികയാണ്. അതോടൊപ്പംതന്നെ കശുമാങ്ങയിൽനിന്ന് ബയോ ഡീസൽ ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു ഗവേഷണം കശുവണ്ടി വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായം നമ്മുടെ കേരളത്തിന് വലിയ തോതിൽ വിദേശനാണ്യം നേടിത്തരുന്ന ഒരു വ്യവസായമാണ്. 2908 കോടി രൂപയുടെ വിദേശ നാണ്യ മാണ് 2009-10 വർഷത്തിൽ നമുക്ക് നേടിത്തന്നത്. വീണ്ടും ആഭ്യന്തര വിപണി വർദ്ധിപ്പിക്കുവാനുള്ള പരിശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഇരിങ്ങാവക്കുട മണ്ഡലത്തിൽ രണ്ട് കശുവണ്ടി ഫാക്ടറികളാണുള്ളത്. ഒന്ന് കാപ്പെക്സിന്റെ കീഴിലും മറ്റൊന്ന് സ്വകാര്യ മേഖലയിലും. കാപ്പെക്സിന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ മോഡേണൈസേഷൻ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. ഗുരുദാസൻ : ഇരിങ്ങാവക്കുടയിൽ രണ്ട് ഫാക്ടറികളുണ്ട്. രണ്ട് ഫാക്ടറികളും ഭംഗിയായി നടത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഉപഭോക്തൃ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

4 (*574) ശ്രീ. കെ. ടി. ജലീൽ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്തൃ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) സ്കൂൾ, കോളേജ്, സർവ്വകലാശാലാ സ്റ്റോറുകൾ എന്നിവയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) സഹകരണ കാന്റീനുകൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നത് ;

(ഡി) കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) ഗ്രാമീണ, നഗര പ്രദേശങ്ങളിൽ കൂടുതൽ ഉപഭോക്തൃ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുമോ ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. റോഷി അഗസ്റ്റിൻ

21. " എൻ. ശക്തൻ

22. " വി. ഡി. സതീശൻ

23. " എ. എ. ഷുക്കൂർ

24. " തോമസ് ഉണ്ണിയാടൻ

25. " എം. ഉമ്മർ

26. " എം. എ. വാഹീദ്

27. " പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 71

പ്രതികൂലിക്കുന്നവർ - 27

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

2010-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പാസ്സായി.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(27-7-2010 ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.10-ന് പിരിഞ്ഞു.)

അനുബന്ധം-I

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :3(*583)

പട്ടികജാതി വികസന വകുപ്പ്

ക്രമ നമ്പർ	വർഷം	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	വിജയ ശതമാനം
1	2006	44062	21320	48.39
2	2007	42664	27746	65.03
3	2008	41392	34511	83.37
4	2009	41384	34656	83.74
5.	2010	42787	34450	80.52

പട്ടികവർഗ്ഗ വികസന വകുപ്പ്

ക്രമ നമ്പർ	വർഷം	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	വിജയ ശതമാനം
1	2006	5082	2120	41.69
2	2007	4907	2958	60.28
3	2008	4836	3998	82.46
4	2009	5127	4061	79.21
5	2010	5367	4204	78.33

അനുബന്ധം-II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 24 (*594)]

ക്രമനമ്പർ	പദ്ധതി ഘടകം	മാനദണ്ഡം
1	പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കൽ (എ) നൂതനനെൽകൃഷി പ്രദർശനത്തോട്ടം (ബി) എസ്.ആർ.ഐ. പ്രദർശനത്തോട്ടം.	100 ഹെ.നെൽപ്പാടത്തിന് 0.4 ഹെ. എന്ന തോതിൽ.
2	വിത്തു വിതരണം	Seed replacement Rate 33%.
3	സൂക്ഷ്മമൂലകങ്ങളുടെ വിതരണം	അപര്യാപ്തതയുള്ള വിസ്തൃതിയുടെ 30%
4	കുമ്മായ വിതരണം	അമ്ല പ്രശ്നമുള്ള വിസ്തൃതിയുടെ 30%
5	മിനികിറ്റ്	50 ഹെക്ടറിന് 5 കിലോ വിത്തിന്റെ കിറ്റ്
6	ഫാംസ്കൂൾ	1000 ഹെക്ടറിന് ഒന്ന്
7	സസ്യ സംരക്ഷണം	ആകെ വിസ്തൃതിയുടെ 10%
8	പുതിയ സംരംഭങ്ങൾ	ആകെ തുകയുടെ 20%

LIBRARY ARCHIVES Kerala Legislative Assembly